പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1568

10.02.2020-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സജി ചെറിയാൻ<br>,, എം. നൗഷാദ്<br>,, കെ. ആൻസലൻ<br>,, ജോർജ് എം. തോമസ് | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |

എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു (04.02.2020 വരെയുള്ളത്)

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 48.82% |
| ബ്ലോക്ക് പഞ്ചായത്ത് | 47.29% |
| ജില്ലാ പഞ്ചായത്ത് | 33.08% |
| മുനിസിപ്പാലിറ്റി | 36.52% |
| കോർപ്പറേഷൻ | 29.61% |
| ആകെ | 42.66% |

പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി എന്നീ ഇനങ്ങളിൽ ചെലവാക്കിയ ശതമാനം ചുവടെ ചേർക്കുന്നു (04.02.2020 വരെയുള്ളത്)

| | |
|---|---|
| ജനറൽ | 51.86% |
| എസ്.സി.പി | 40.45% |
| റ്റി.എസ്.പി | 41.62% |

ബി) പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

ബി) 2019 ലെ പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വർഷത്തെ വികസന പദ്ധതികൾ കാലേകൂട്ടി തയ്യാറാക്കി 2018 ഡിസംബർ 31 മുമ്പ് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നീക്കിയതിനുശേഷം സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള ഉത്തരവുകളും നൽകിയിരുന്നു. ഉദ്യോഗസ്ഥ തലത്തിൽ പരിശീലനങ്ങളും നൽകിയിരുന്നു. വകുപ്പ്

| | | | |
|---|---|---|---|
| | | | മേധാവികൾ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ട്. സർക്കാർ തലത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ നടന്നു വരികയാണ്. |
| സി) | അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നതെന്ന് അറിയിക്കാമോ? | സി) | 2020-21 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗ്ഗ നിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് ഉത്തരവിറങ്ങിയിട്ടുണ്ട്. ആസൂത്രണ നടപടിക്രമങ്ങൾ 2019 ഡിസംബർ 7 ന് ആരംഭിച്ച് 2020 മാർച്ച് 5 ന് ജില്ലാ ആസൂത്രണ സമിതിക്ക് വാർഷിക പദ്ധതി സമർപ്പിക്കുന്ന രീതിയിലുള്ള ഒരു കലണ്ടറാണ് തയ്യാറാക്കിയിരുന്നത്. കലണ്ടർ പ്രകാരം പദ്ധതി ആസൂത്രണത്തിന്റെ ഓരോ ഘട്ടവും പൂർത്തിയാക്കണം. പദ്ധതി രൂപീകരണ പുരോഗതി സർക്കാർ തലത്തിൽ അവലോകനം ചെയ്യുന്നു |

സെക്ഷൻ ഓഫീസർ